ലാളിത്യത്തിലൂടെ വിശുദ്ധിയിലേക്ക് ബഹു. ഡൺസ്റ്റൻ ഒലക്കേങ്കൽ സി എം ഐ

ഫാ. ബാബു തട്ടിൽ സി എം ഐ

ഒരു സാധാരണക്കാരനെ സംബന്ധിച്ച് വൈദികൻ എന്നാൽ കുർബാനയും മറ്റ് കൂദാശകളും പരികർമ്മം ചെയ്യുകയും വെഞ്ചിരിപ്പുകൾ നടത്തുകയും ചിലപ്പോൾ സ്കൂൾ, കോളേജ് പോലുള്ള സ്ഥാപനകൾ നടത്തുകയും ചെയ്യുന്ന അച്ചൻ. അതിനപ്പുറം ഒരുപക്ഷേ, സന്യാസജീവിതം നയിക്കുന്ന വൈദികരും ഇടവകനോക്കുന്ന രൂപതാ വൈദികരും ഉണ്ടെന്നുകൂടി അറിയുന്നവരുണ്ടാകാം. എന്നാൽ ദൈവജനവും സമൂഹവുമൊക്കെ തീർച്ചയായും അറിഞ്ഞിരിക്കേണ്ട വിശുദ്ധരായിരുന്ന ചില അപൂർവ്വം വ്യക്തിത്വങ്ങൾ വൈദിക ഗണത്തിലുണ്ട്. നമ്മെ ദൈവത്തിലേക്ക് കൂടുതൽ അടുപ്പിക്കാൻ ശ്രമിച്ച അവരെക്കുറിച്ച് അറിയാതെ പോകുന്നത്, ഒരു പക്ഷേ, ആ വിശുദ്ധാത്മക്കളോട് ചെയ്യുന്ന നന്ദി ഹീനതയായിരിക്കും.

നമ്മളൊക്കെ അറിഞ്ഞിരിക്കേണ്ട, പ്രത്യകിച്ച് തൃശൂർ, പാലക്കാട്, താമരശ്ശേരി, കോയമ്പത്തൂർ എന്നീ രൂപതകളിലെ മനുഷ്യർ തീർച്ചയായും അറിയുകയും ആദരിക്കുകയും ചെയ്യേണ്ടതായ, വിശുദ്ധ ജീവിതം നയിച്ച ഒരു സന്യാസ വൈദികനാണ് ബഹു. ഡൺസ്റ്റൻ ഒലക്കേങ്കൽ സി എം ഐ അച്ചൻ. അദ്ദേഹത്തിന്റെ പതിനേഴാം ചരമ വാർഷികമാണ് ഒക്ടോബർ ഇരുപതാം തിയതി. പുണ്യാത്മാവായിരുന്ന അച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്നത് പാലക്കാട് ചന്ദ്രനഗറിലെ ഭാരതമാത സി എം ഐ ആശ്രമത്തിലാണ്. അദ്ദേഹത്തിന്റെ സ്വഭാവ സവിശേഷതകളിലേക്കുള്ള ഒരു ചെറിയ എത്തിനോട്ടമാണ് ഈ ലേഖനം.

1. ഡൺസ്റ്റൻ ഒലക്കേങ്കൽ വിശുദ്ധനായ ഒരു സന്യാസ വൈദികൻ

വളരെ ലളിതവും സാധാരണങ്ങളിൽ അസാധാരണവുമായ ഒരു ജീവിത ശൈലിയിലൂടെ ഏതൊരു സന്യാസിക്കും വിശുദ്ധിയിലേക്ക് എത്തിച്ചേരാമെന്ന് അദ്ദേഹം നമുക്ക് കാണിച്ച് തന്നു.

ഈ ആധുനിക കാലഘട്ടത്തിൽ ലാളിത്യം, വിനയം, എളിമ എന്നിവയൊക്കെ കാലഹരണപ്പെട്ട പദങ്ങളാണ്. കയ്യുക്കുള്ളവരും തൻറേടമുള്ളവരുമൊക്കെയാണ്. ഇന്നത്തെ മനുഷ്യരുടെ കാഴ്ചപ്പാടിൽ വിജയിക്കുന്നവർ. അദ്ധ്വാനിച്ച് സമ്പാധിച്ചാൽ (അങ്ങനെയല്ലെങ്കിലും) അതുകൊണ്ട് ജീവിതം ആസ്വദിക്കണം, വീടും വസ്ത്രവും വാഹനവും എന്നു വേണ്ട, എന്തും ഏതും ആർഭാടപൂർണ്ണമാകണം എന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസ്ഥിതിയിൽ ലാളിത്യ ജീവിതവും എളിമയുമൊക്കെ ഭോഷത്വത്തിൻറെ ലക്ഷണങ്ങളാണ്. അങ്ങനെ ജീവിക്കുന്നവരൊക്കെ, പൗലോശ്ലീഹ പറയുന്നതുപോലെ, 'വിജാതിയർക്ക് ഭോഷന്മാരാണ്.' ഞങ്ങളാകട്ടെ, യഹൂദർക്ക് ഇടർച്ചയും വിജാതിയർക്ക് ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു' (1 കോറി 1: 23). ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കണമെങ്കിൽ ആ ക്രിസ്തുവിനെ സ്വന്തം ജീവിതത്തിലൂടെ കാണിച്ച് കൊടുക്കണം. അത് സാധ്യമാകണമെങ്കിൽ ക്രിസ്തുവിനെപ്പോലെ ലാളിത്തത്തിലും എളിമയിലും സ്വയം ശൂന്യവൽക്കരണത്തിലും ജീവിക്കാൻ പഠിക്കണം. അത് സാദ്ധ്യമാണെന്ന് സ്വജീവിതത്തിലൂടെ ലോകത്തോടും സന്യാസത്തിലെ കൂടെപ്പിറപ്പുകളോടും ഒരുപോലെ വിളിച്ച് പറഞ്ഞ വ്യക്തിയാണ് പുണ്യചരിതനായ ബഹു ഡൺസ്റ്റൻ ഒലക്കേങ്കൽ സി എം ഐ അച്ചൻ.

2. ബഹു. ഡൺസ്റ്റനച്ചൻ ലഘു ജീവചരിത്രം

ബഹു. ഡൺസ്റ്റൻ ഒലക്കേങ്കൽ സി എം ഐ അച്ചൻ തൃശൂർ പാവറട്ടിയിൽ പുതുമനശ്ശേരിയിൽ ഒലക്കേങ്കൽ ആനട്ടി കുടുംബത്തിൽ പൗലോസ് മറിയം ദമ്പതിമാരുടെ ആറ് മക്കളിൽ നാലാമനായി 1920, നവംബർ 27-ാ ം തിയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കെത്തന്നെ 1935 ൽ സ്വന്തം നാട്ടിൽ സി എം ഐ സഭയുടെ സെൻറ് തോമസ് മോണസ്റ്ററിയോടു ചേർന്നുള്ള യോഗാർത്ഥി ഭവനത്തിൽ അംഗമായി ചേർന്നു. 1939 ൽ നവസന്യാസം പൂർത്തിയാക്കി ആദ്യവ്രതവാഗ്ദാനം ചെയ്തു. തത്വശാസ്ത്ര പഠനം മുത്തോലി ജോൺ ഓഫ് ദ ക്രോസ് മോണസ്റ്ററിയിലും ദൈവശാസ്ത്ര പഠനം ചെത്തിപ്പുഴ സേക്രട്ട് ഹാർട്ട് സെമിനാരിയിലുമായിരുന്നു. വൈദികപഠനം പൂർത്തിയാക്കി 1947 മേയ് 31 ന് പുരോഹിതനായി അഭിഷിക്തനായി.

1953 ൽ സി എം ഐ സന്യാസ സഭയെ 3 പ്രവശ്യകളായി വിഭജിച്ചപ്പോൾ അദ്ദേഹം തൃശൂർ ദേവമാത പ്രവശ്യയിലും പിന്നീട് 1978ൽ കോയമ്പത്തൂർ പ്രേഷിത പ്രവശ്യ സ്ഥാപിതമായപ്പോൾ ആ പ്രവശ്യയുടെ അംഗമാവുകയും ചെയ്തു. തീക്ഷ്ണതയുള്ള പുരോഹിതനായി ജോലി ആരംഭിച്ച അദ്ദേഹം സഹവികാരി, വികാരി, യോഗാർത്ഥികളുടെ റക്ടർ, നവസന്യാസ ഗുരു, ആശ്രമാധിപൻ, തുടങ്ങി നിരവധി രംഗങ്ങളിൽ തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ചു. പാലക്കാട് രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് ഇരുമ്പൻ പിതാവടക്കം ഒട്ടനവധി വൈദികരുടെയും സന്യസ്തരുടെയും സാധാരണക്കാരുടെയുമൊക്കെ കുമ്പസാരക്കാരനായിരുന്നു. അവിഭക്ത പാലക്കാട് രൂപതയിലും താമരശേരി രൂപതയിലും അദ്ദേഹം വികാരി ജോലി നിർവ്വഹിച്ചിട്ടുണ്ട്. അരനൂറ്റാണ്ടിലധികം തീക്ഷ്ണതാപൂർവ്വം പൗരോഹിത്യ ജോലി ചെയ്ത അദ്ദേഹം 2006 ഒക്ടോബർ 20 ന് തന്റെ നിത്യ സമ്മാനം വാങ്ങാൻ ഈ ലോകത്തോട് വിട പറഞ്ഞു.

3. ഡൺസ്റ്റനച്ചൻ സാധാരണക്കാരനായഒരു വൈദികൻ

ഡൺസ്റ്റനച്ചൻ ഒരിക്കലും അമാനുഷിക വ്യക്തിത്വത്തിന്റെ ഉടമയായിരുന്നില്ല. സന്യാസത്തെ അതിരറ്റ് സ്നേഹിക്കുകയും സ്വതസിദ്ധമായ ശൈലിയിലൂടെ നിശബ്ദമായി സന്യാസത്തെ പൂർണ്ണമായി ജീവിക്കുകയും ചെയ്തു കൊണ്ട് വിശുദ്ധിയുടെ പടവുകൾ പതുക്കെ പതുക്കെ ചവിട്ടിക്കയറിയ ഒരു ഉത്തമ സന്യാസിയായിരുന്നു അദ്ദേഹം.

ബഹു.ഡൺസ്റ്റനച്ചന്റെ ജീവിതത്തിൽ സാധാരണക്കാരനായ, അതേസമയം വിശ്വസ്തനായ ഒരു സന്യാസ വൈദികനെ ദർശിക്കാനാകും. അതിനെ വിശുദ്ധിയുടെ കാഴ്ചപ്പാടിൽ അപഗ്രഥിച്ച് വിശകലനം ചെയ്യുമ്പോൾ കണ്ടെത്താവുന്ന ഒട്ടനവധി സ്വഭാവ സവിശേഷതകൾ

ഏതൊരു ജീവചരിത്രക്കാരനും കണ്ടെത്താനാകും. അതിനെ സൂക്ഷ്മമായി പഠനവിധേയമാക്കുമ്പോൾ നല്ല രീതിയിൽ സന്യാസ ജീവിതം നയിച്ച ഒരു വ്യക്തി എന്നതിനപ്പുറം സാധാരണത്വത്തിൽ അസാധാരണമായ, വേറിട്ട ഒരു സന്യാസജീവിത ശൈലി അനാവരണമാകും. ലളിതമായ, ആർഭാടരഹിതമായ ആ ജീവിതത്തിന്റെ മഹത്യം ദൃശ്യമാകും, സത്യമായും അദ്ദേഹം ഒരു വിശുദ്ധനായിരുന്നുവെന്ന് നമുക്കേവർക്കും ബോധ്യമാകും.

പ്രാർത്ഥനയുടെ മനുഷ്യൻ

ബഹു. ഡൺസ്റ്റനച്ചനെ കുറിച്ച് ഏറ്റവും ലളിതമായി വിശേഷിപ്പിക്കാവുന്ന പ്രത്യേകത അദ്ദേഹം പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു എന്നതാണ്. എപ്പോഴൊക്കെയാണ് അദ്ദേഹം പ്രാർത്തിച്ചിരുന്നത് എന്ന് ചോദിച്ചാൽ എപ്പോഴാണ് അദ്ദേഹം പ്രാർത്ഥിക്കാതിരുന്നിരിക്കുന്നത് എന്ന് പറയുന്നതായിരിക്കും കൂടുതൽ അത്യത്തമം. അദ്ദേഹത്തിന്റെ പ്രാർത്ഥന ദേവാലയത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. മറിച്ച്, ദിവസം മുഴുവൻ അദ്ദേഹം പ്രാർത്ഥിക്കുകയായിരുന്നു. ഭക്ഷിക്കുമ്പോഴും ജോലി ചെയ്യുമ്പോഴും വിശ്രമിക്കുമ്പോഴും ഉല്ലസിക്കുമ്പോഴും എന്നല്ല, അദ്ദേഹം എന്ത് ചെയ്യുമ്പോഴും അതിനെ പ്രാർത്ഥനയാക്കി മാറ്റാനുള്ള അസാമാന്യമായ ഒരു വൈഭവം ഡൺസ്റ്റനച്ചനുണ്ടായിരുന്നു. അത് ഒരു ദിവസം കൊണ്ടോ ഏതാനും വർഷങ്ങൾ കൊണ്ടോ നേടിയെടുത്ത സ്വഭാവ സവിശേഷതയായിരുന്നില്ല. മറിച്ച്, കുഞ്ഞുനാളിൽ തൊട്ട് സ്വായത്തമാക്കിയ ഒന്നായിരുന്നു.

പ്രാർത്ഥനയെക്കുറിച്ച പഠിപ്പിച്ചിരുന്നപ്പോൾ അദ്ദേഹം എപ്പോഴും, ഓർമ്മിപ്പിച്ചിരുന്ന ഒരു വലിയ സത്യമുണ്ട്. പ്രാർത്ഥനയുടെ വഴിത്താരയിൽ എന്നും ആനന്ദപൂർണ്ണമായ നാളുകളായിരിക്കണമെന്നില്ല. അതീന്ദ്രിയ ധ്യാനത്തിന്റെ ഉന്നതിയിൽ എത്തിചേർന്ന വിശുദ്ധാത്മകളായ അമ്മത്രേസ്യാക്കും യോഹന്നാൻ ക്രൂസിനുമൊക്കെ നേരിടേണ്ടി വന്ന അതിഭീകരമായ വിരസതയുടെ ദിനങ്ങൾ പോലെ നമ്മുടെ ജീവിതത്തിലും ഉണ്ടായെന്നു വരാം. എത്രയൊക്കെ വിരസത അനുവപ്പെട്ടാലും വിശ്വസ്തതയോടുകൂടി പ്രാർത്ഥിക്കുവാൻ തയ്യാറാകണം എന്നും താനും ഇതുപോലെയുള്ള ഒട്ടനവധി നിർണ്ണായക ഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ടെന്നും അദ്ദേഹം കൂടെക്കൂടെ ഓർമ്മിപ്പിക്കാറുള്ളതാണ്.

പ്രാർത്ഥിക്കണമെന്ന് ഉപദേശിക്കുന്നതിനേക്കാൾ മാതൃക നൽകി കൂടെ താമസിക്കുന്ന ഓരോ സന്യാസ അംഗത്തേയും സ്വാദീനിച്ചിരുന്നു. അതു തന്നെയായിരുന്നു ഡൺസ്റ്റനച്ചൻ എന്ന താപസൻറെ അനന്യതയും പ്രാർത്ഥനയെ പ്രണയിക്കുന്നവർക്ക് സമയത്തെക്കുറിച്ച് അവബോധം ഉണ്ടാകണമെന്നില്ല. ദേവാലയത്തിൽ പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്നതിൽ ഡൺസ്റ്റനച്ചൻ ആനന്ദം കൊണ്ടിരുന്നു എന്ന് കൂടെ ജീവിച്ച ഏവരും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്.

ഡൺസ്റ്റനച്ചൻ ലാളിത്യത്തിന്റെ രാജകുമാരൻ

ഡൺസ്റ്റനച്ചൻ ഒരു ഉത്തമ സന്യാസിയായിരുന്നു. ഏതൊരു സന്യാസിയും ആത്യന്തികമായി ആർഭാഡ രഹിതനായിരിക്കണം. എന്നു വച്ചാൽ എല്ലാ അർത്ഥത്തിലും സന്യാസ ജീവിതം ലാളിത്യം പറഞ്ഞതാകണം. സന്യാസം വരിക്കുകയെന്നാൽ ലാളിത്യ ജീവിതത്തിൻറെ ഉടമയായി തീരുക എന്നു തന്നെയാണ്.

എന്തൊക്കെ കാര്യങ്ങളിലാണ് ലാളിത്യം പാലിക്കേണ്ടത്? ഒന്നാമതായി, ജീവിതത്തോടു തന്നെ ലളിതമായ സമീപനമാണുണ്ടാകേണ്ടത്. ജീവിതത്തെ അതീവ ഗൗരവമായി എടുക്കുമ്പോൾ അവിടെ സമ്മർദങ്ങളും പിരിമുറുക്കങ്ങളും ഉൽകണ്ഠകളും ആകുലതകളുമൊക്കെ ഉണ്ടാകും. ഈശോയുടെ ജീവിതം വളരെ ലളിതമായിരുന്നു. ലാളിത്യവും ദാരിദ്ര്യവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ്. ലാളിത്യമുള്ള വ്യക്തി തീർച്ചയായും സദാരിദ്ര്യ ജീവിതത്തിൻറെ കൂടി ഉടമയായിരിക്കും. ബഹു. ഡൺസ്റ്റനച്ചൻ ജീവിതം ലളിതമയമായിരുന്നു, ജീവിതത്തിൻറെ സമസ്ത മേഘലകളിലും ലാളിത്യം നിറഞ്ഞ് നിന്നിരുന്നു.

രണ്ടാമതായി, ലാളിത്യത്തിൽ വളരുന്ന വ്യക്തിയോട് വലിപ്പചെറുപ്പമില്ലാതെ ആർക്കും, ഏത് സാധാരണക്കാർക്കും യാതൊരു ഔപചാരികതകളുമില്ലാതെ ഇടപഴകാൻ കഴിയണം. അത്തരക്കാർ മനുഷ്യനെ മനുഷ്യനായി കാണുകയും എല്ലാവരേയും ബഹുമാനിക്കുകയും ചെയ്യും. ബഹു. ഡൺസ്റ്റനച്ചൻ അത്തരമൊരു വ്യക്തിയായിരുന്നു. അതോടൊപ്പം തന്നെ വിളിച്ചവൻ വിശ്വസ്തനാണെന്ന ഉത്തമ വിശ്വാസവും ബോധ്യവും ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ അദ്ദേഹത്തിന് ഒന്നിനെക്കുറിച്ചും ആകുലതകളും ഉൽകണ്ഠളം ഉണ്ടായിരുന്നില്ല. വലിയ പദ്ധതികളും ലക്ഷ്യങ്ങളും ഇല്ലായിരുന്നു. ഏക ലക്ഷ്യം നന്നായി സന്യാസജീവിതം നയിക്കണമെന്നും അതുവഴി വിശുദ്ധനാകണമെന്നതു മാത്രമായിരുന്നു. അതിനാൽ തന്നെ ലാളിത്യത്തിലും വിനയത്തിലും ഉത്തരോത്തരം വളരാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഏതൊരു സന്യാസിക്കും അനുകരണീയമായ

ഉദാത്ത മാതൃകാ ജീവിതം! സർവ്വസംഗപരിത്യാഗിയായി, ഏറ്റവും എളിയ ജീവിതം നയിക്കുന്നവർക്ക് മാത്രം സ്വായത്തമാക്കാവുന്ന സവിശേഷ ഗുണമാണ് തപസ് ജീവിതം. അസീസിയിലെ വി. ഫ്രാൻസിസിനെ പോലെ ലാളിത്യത്തെ ഉടയാടയാക്കിയവനായിരുന്നു ബഹു. ഡൺസ്റ്റനച്ചൻ. എല്ലാ അർത്ഥത്തിലും അദ്ദേഹം ലളിതമായിരുന്നു. വസ്ത്രങ്ങളും ഉപയോഗ വസ്തുക്കളും എന്നല്ല ഇരിപ്പിലും നടപ്പിലും സംസാരത്തിലും തുടങ്ങി സർവമയം ലാളിത്യം കാത്തുസൂക്ഷിച്ചു. ഉച്ചത്തിലുള്ള സംസാരമോ അട്ടഹാസം നിറഞ്ഞ ആഘോഷങ്ങളോ അദ്ദേഹത്തിൻറെ ജീവിതത്തിലുണ്ടായിട്ടില്ല.

ദാരിദ്ര്യത്തെ വരിച്ച സന്യാസി

ദാരിദ്ര്യം ഒരു തിന്മയായി കരുതുന്ന ലോകത്ത് അതിനെ പ്രണയിക്കാനും വരിക്കാനും, വിശുദ്ധിയിലേക്കുള്ള മാർഗ്ഗമായി സ്വീകരിച്ചുകൊണ്ട് അതിനോട് പരിപൂർണ്ണ ആത്മസമർപ്പണം നടത്തി ജീവിക്കാനും സാധിക്കുകയെന്നത് തീർച്ചയായും ഒരു വീരോചിത പ്രവർത്തിയാണ്. അങ്ങനെയൊരു വീരോചിത ജീവിതത്തിന് ഉടമയായിരുന്നു ഫാ. ഡൺസ്റ്റൻ. സമ്പന്നനായിരിക്കെ ഒന്നുമില്ലാത്തവനായി, ദരിദ്രരോട് താതാത്മ്യം പ്രാപിക്കാൻ പരമദരിദ്രനായി ജനിക്കുകയും ജീവിക്കുകയും മരിക്കുകയും അക്കപ്പെടുകയും ചെയ്ത മണവാളനെ പ്രതി ദാരിദ്ര്യത്തെ വരിക്കാനും അതിനോട് എന്നും വിശ്വസ്തത പുലർത്തി മരണം വരെ ജീവിക്കാനും കഴിയുകയെന്നത് ഒരാൾക്ക് ദൈവം പ്രത്യേകമായി നൽകുന്ന വിശിഷ്യ വരമാണ്. ഇങ്ങനെയൊരു വിശിഷ്യവരം ലഭിച്ച വ്യക്തിയാണ് ബഹു. ഡൺസ്റ്റനച്ചൻ. ദാരിദ്ര്യവ്രതജീവിതത്തെക്കുറിച്ച് വളരെ ചിന്തോദീപ്തമായ ഒരു തത്വം അദ്ദേഹം പറയാറുണ്ട്. വ്രതം ചെയ്യുന്നവർ നിർബന്ധമായും സ്വന്തം വീട്ടിലെ സാമ്പത്തികാവസ്ഥയേക്കാൾ ദരിദ്രമായ ജീവിത ശൈലിയിൽ വേണം ജീവിക്കുവാൻ എന്ന്.

ഡൺസ്റ്റനച്ചൻ എല്ലാ അർത്ഥത്തിലും അങ്ങനെ ജീവിച്ച് മാതൃക നല്കിയ വ്യക്തിയാണ് ദാരിദ്ര്യ ജീവിതത്തെ കുറിച്ച് എന്നും എപ്പോഴും അദ്ദേഹം സന്തോഷിച്ചിരുന്നു. അത് അദ്ദേഹത്തെ ഉന്മത്തനാക്കിയിരുന്നു എന്നതാണ് യാഥാർത്ഥ്യം. ദാരിദ്ര്യം വസ്ത്രങ്ങളിലും ഉപയോഗവസ്തുക്കളിലും മാത്രമല്ല, യാത്രയും ഉല്ലാസവും തുടങ്ങി എന്തിലും ഏതിലും മിതത്വവും ദാരിദ്ര്യവും കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിന് എന്നും ആവേശമായിരുന്നു. അതുകൊണ്ട് തന്നെ, ഭക്ഷണം തുടങ്ങി യാതൊന്നും നശിപ്പിക്കപ്പെടരുത്.

ഉപയോഗശൂന്യമായി പോകരുത് എന്ന് നിർബന്ധമായിരുന്നു. അതിനാലാണ് ലൈറ്റിനും ഫാനിനുമൊക്കെ അനാവശ്യമായി കറൻറ് ഉപയോഗിക്കുന്നത് സ്വജീവിതത്തിൽ അദ്ദേഹം ഒഴിവാക്കിയിരുന്നത്. വെള്ളവും മറ്റ് നിത്യോപയോഗവസ്തുക്കളുമെല്ലാം അതീവ ശ്രദ്ധയോടും കരുതലോടും കൂടിയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

അതിനെപ്രതിയൊക്കെ വൈദിക വിദ്യാർത്ഥികളാൽ അവഹേളിക്കപ്പെടുമ്പോഴും ചെറുപുഞ്ചിരിയോടെ ഉൾകൊള്ളാൻമാത്രം വലിയ മനസ് ഡൺസ്റ്റനച്ചനുണ്ടായിരുന്നു.

വിനയം ഉടയാടയാക്കിയ വൈദികൻ

ബഹു. ഡൺസ്റ്റനച്ചൻ വിനയാനിതനായ ഒരു ഗുരുവും സന്യാസിമായിരുന്നു. ഒരിക്കലും കാർക്കശ്യക്കാരനായ ഗുരുവോ ആശ്രമശ്രേഷ്ഠനോ ആയിരുന്നില്ല അദ്ദേഹം. "Down to the ear-th": എന്നൊക്കെ വിശേഷിപ്പിക്കാവുന്ന വ്യക്തിത്വത്തിൻറെ ഉടമ. അതു തന്നെയാണ് അദ്ദേഹത്തിൻറെ മഹത്വവും പ്രത്യേകതയും. ശരിക്കും വ്യതിരക്ത സ്വഭാവഗുണമുള്ള നിഷ്ക പടനായ സന്യാസി.

ഞാൻ നവ സന്യാസിയായിരിക്കെ ഞളോടൊപ്പം ഡൺസ്റ്റനച്ചനും നിലത്തിരുന്ന് ജോലി ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. അപ്രതീക്ഷിതമായി ആ വഴിക്ക് ഗുരുവച്ചൻ കടന്നുപോകാൻ ഇടവന്നപ്പോൾ ഡൺസ്റ്റനച്ചൻ ചാടി എണീറ്റ് തന്റെ ഗുരുവച്ചനോട് പ്രകടിപ്പിച്ച ബഹുമാനം പതിറ്റാണ്ടുകൾക്ക് ശേഷവും ഇന്നലെ കഴിഞ്ഞതുപോലെ മനസിൽ ഒളിമങ്ങാതെ നിൽക്കുന്നു.

ഏതാനും ദിവസങ്ങൾക്ക് മുമ്പുവരെ ഡൺസ്റ്റനച്ചൻ നവസന്യാസ ഗുരുവും അന്നത്തെ ഗുരു ഡൺസ്റ്റനച്ചൻ കീഴിൽ ഒരു ടീം മെമ്പറുമായിരുന്നു. എന്നിട്ടും അധികാരസ്ഥാനത്ത് അവരോചിതനായ വ്യക്തിയോട് പ്രകടിപ്പിച്ച ബഹുമാനവും അങ്ങനെ ചെയ്യാൻ മാത്രം അദ്ദേഹത്തിലുണ്ടായിരുന്ന വിനയവും അന്യാദൃശ്യം!

അദ്ധ്വാനം ജീവിതചര്യ

സന്യാസം അതിന്റെ പൂർണ്ണതയിൽ ആയി തീരുക അദ്ധ്വാന പൂർണ്ണമായ ജീവിതം നയിക്കുമ്പോഴാണ്. ബഹു. ഡൺസ്റ്റനച്ചൻ ഒരു താപസനായിരുന്നു. അതിനാൽ തന്നെ കഠിനാദ്ധ്വാനിയുമായിരുന്നു. വാർദ്ധക്യത്തിന്റെ പ്രയാസങ്ങൾ അനുഭവപ്പെടുമ്പോഴും യുവജനങ്ങളേക്കാളധികമായി തൂമ്പയും മറ്റ് പണിയായുധങ്ങളും ഉപയോഗിച്ച് അദ്ദേഹം ജോലി ചെയ്തിരുന്നു. കൃഷിയിൽ നിന്ന് എന്തെങ്കിലും വിളവ് ലഭിക്കണമെന്നത് ഒരിക്കലും അദ്ദേഹത്തിന്റെ വിഷയമേ ആയിരുന്നില്ല. മറിച്ച് തന്റെ സഭാ സ്ഥാപകനായ വി. ചാവറ പിതാവിൻറെ ഉപദേശം അദ്ധ്വാനിക്കാത്ത ദിവസം അത്താഴം കഴിക്കരുത് എന്ന വാക്കുകൾ അദ്ദേഹം നിറവേറ്റകയായിരുന്നു.

ദൈവതിരുമനസിന് സമ്പൂർണ്ണ സമർപ്പണം നടത്തിയവൻ

ബഹു. ഡൺസ്റ്റനച്ചനെ സംബന്ധിച്ച് ദൈവേഷ്ടമായിരുന്നു പരമ പ്രധാനം. അത് ജീവിതത്തിന്റെ പൂർത്തിയാക്കാനായിട്ടായിരുന്നു അദ്ദേഹം എന്നും ശ്രമിച്ചിരുന്നത്. തന്റെ ലക്ഷ്യവും പൂർണ്ണതയും ദൈവതിരുമനസിന് യോജിച്ച ഒരു ജീവിതത്തിലാണ് അടങ്ങിയിരിക്കുന്നതെന്ന് എന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ആ വിശ്വാസമാണ് ഡൺസ്റ്റനച്ചനെ സദാ വഴി നടത്തിയിരുന്നത്. ദൈവതിരുമനസ് എന്തെന്ന് വിവേചിച്ചറിഞ്ഞത് ദൈവവുമായുള്ള സുഹൃദ് സംഭാഷണത്തിലൂടെയും അധികാരികളുടെ തീരുമാനങ്ങളിലൂടെയുമായിരുന്നു. ആ കാഴ്ചപ്പാടും ബോധ്യവുമുണ്ടായിരുന്നതിനാലാണ് അദ്ദേഹമെപ്പോഴും പറയാറുള്ളത് 'ദൈവേഷ്ടം നടക്കും, നടത്തും എന്ന്. അതു കൊണ്ട് തന്നെ, ന്യായപ്രമാണമനുസരിച്ചുള്ള ജീവിത ശൈലിയായിരുന്നു അദ്ദേഹം എപ്പോഴും പരിരക്ഷിച്ചിരുന്നത്. മരണംവരേയും

ദൈവിക പദ്ധതി എന്തെന്ന് തിരിച്ചറിഞ്ഞാൽ എത്ര വലിയ ത്യാഗം അനുഷ്ഠിക്കേണ്ടി വന്നാലും അത് പൂർത്തിയാക്കാൻ അദ്ദേഹം എന്നും തീഷ്പമതിയായിരുന്നു. അതിന് വേണ്ടി കടുത്ത നിലപാടുകൾ എടുക്കാൻപോലും അദ്ദേഹം സന്നദ്ധനായിരുന്നു. മറിച്ച് തീരുമാനിക്കാൻ എത്രയൊക്കെ നിർബന്ധിക്കപ്പെട്ടാലും എതിർപ്പുകളുണ്ടായാലും അതിന് വഴങ്ങി കൊടുക്കാൻ ഡൺസ്റ്റനച്ചൻ ഒരു കാലത്തും തയ്യാറായിരുന്നതുമില്ല. അതു കൊണ്ട് തന്നെ അദ്ദേഹത്തിൻറെ നിലപാടുകളെ ഇഷ്ടപ്പെടാത്തവരും ധാരാളമുണ്ടായിരുന്നു. പക്ഷേ, അതേക്കുറിച്ച് അദ്ദേഹമൊരിക്കലും ആകുലപ്പെട്ടിരുന്നില്ല. ആകുലത എപ്പോഴും ദൈവതിരുമനസിന് വിഘ്നം സംഭവിക്കുമ്പോഴായിരുന്നു. അത് അദ്ദേഹത്തെ ഏറെ ദുഃഖിപ്പിച്ചിരുന്നു എന്നതാണ് യാഥാർത്ഥ്യം. അധികാരത്തോടും സ്ഥാനമാനങ്ങളോടും അകലം പാലിച്ചവൻ ബഹു. ഡൺസ്റ്റച്ചന് സ്വന്തം വിളിയെക്കുറിച്ച് പരിപൂർണ്ണ ബോധ്യവും അതിലുള്ള സംതൃപ്തിയും ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ അധികാരസ്ഥാനങ്ങൾ അദ്ദേഹത്തെ അല്പംപോലും പ്രലോഭിച്ചിരുന്നില്ല.

അതിനോട് ഒരു മമതയും വച്ചു പുലർത്തിയിരുന്നുമില്ല, ഒരുനാളും എപ്പോഴൊക്കെ അധികാരസ്ഥാനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുണ്ടോ അപ്പാഴൊക്കെ അനുസരണത്തിൻ കീഴിൽ അധികാരത്തിൻറെയാതൊരു ഗർവ്വവുമില്ലാതെ എളിമയോടും വിനയത്തോടും കൂടി സേവനം കാഴ്ചവച്ചിട്ടുണ്ടായിരുന്നു. ശരിക്കും ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനാകുന്നതുപോലെ.

അനുസരണം സർവ്വോൽകൃഷ്ടം

സന്യാസജീവിതം നയിക്കുന്നവരെ സംബന്ധിച്ച് അതിൻറെ അടിസ്ഥാനം വ്രത ബന്ധിത ജീവിതമാണ്. ബഹു. ഡൺസ്റ്റനച്ചനെ സംബന്ധിച്ച പരമപ്രധാനമായ വ്രതം അനുസരണം തന്നെയാണ്. സുവിശേഷ പ്രബോധനങ്ങൾ, തിരുസഭയുടെ കൽപ്പനകൾ, സന്യാസസഭയുടെ ന്യായപ്രമാണം, അധികാരികളുടെ ആജ്ഞകൾ എന്നിവ കൃത്യമായി അനുസരിച്ച് ജീവിക്കുന്ന ഏതൊരു സന്യാസിക്കും വിശുദ്ധനായിതീരാം എന്നുള്ളതിനാൽ അനുസരണമാണ് സന്യാസജീവിതത്തിൻറെ ഏറ്റവും അടിസ്ഥാനം എന്നാണ് അദ്ദേഹത്തിൻറെ പക്ഷം. ഡൺസ്റ്റനച്ചന്റെ ജീവിതം ഈയൊരു കാഴ്ചപ്പാടിനെ ആശ്രയിച്ചായിരുന്നു.

വൈദിക വിദ്യാർത്ഥികളുടെ ഗുരുവച്ചനായിരിക്കുമ്പോഴും തോട്ടപ്പണി തുടങ്ങിയ കാര്യങ്ങളിൽ വൈദികവിദ്യാർത്ഥികളുടെ ലീഡർ തീരുമാനിക്കുകയും നിഷ്കർഷിക്കുകയും ചെയ്യുന്ന കാര്യങ്ങളെ ഗൗരത്തിലെടുക്കുകയും അവ അനുസരിക്കുകയും ചെയ്യാൻ മാത്രം അദ്ദേഹം

താപസൻ

സന്യാസ ആശ്രമങ്ങളെ തപസു ഭവനങ്ങളായാണ് വി. ചാവറയച്ചൻ വീക്ഷിച്ചിരുന്നത്. വൈദികർക്കുപോലും തപസുഭവനം ഇല്ലായിരുന്നുവെന്നും അങ്ങനെയൊരു തപസുഭവനമാണ് മാന്നാനത്ത് സ്ഥാപിതമായതെന്നും വളരെ അഭിമാനത്തോടുകൂടി അദ്ദേഹം തൻ രചനകളിലൂടെ സുവ്യക്തമാക്കിയിട്ടുള്ളതാണ്.

സന്യാസത്തിലേക്കുള്ള വിളി താപ ജീവിതത്തിനുള്ള വിളിയായിട്ടാണ് ബഹു. ഡൺസ്റ്റനച്ചനും മനസിലാക്കിയിട്ടുള്ളത്. നിസ്വാർത്ഥതയുടെയും ആത്മത്യാഗത്തിന്റെയും വ